# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 06 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ലാഭ വിഹിതം കർഷകന് ലഭിക്കണം: മന്ത്രി കെ. കൃഷ്ണൻകുട്ടി

മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം കർഷകന് ലഭിക്കണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. തൃശൂരിൽ വൈഗ 2020ന്റെ ഭാഗമായി സംഘടിപ്പിച്ച യുവസംരഭകത്വ ശിൽപശാലയിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു മന്ത്രി. ഒരു കിലോ ഉരുളക്കിഴങ്ങ് ചിപ്സിന് വില 350 രൂപയാണ്. എന്നാൽ കൃഷിക്കാരന് ഒരു കിലോയ്ക്ക് കിട്ടുക എട്ട് രൂപ. എല്ലാ മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും ലാഭം അത്ര വലുതാണ്. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു ശതമാനം കർഷകന് അവകാശപ്പെട്ടതാണെന്ന് സംസ്ഥാന മന്ത്രിസഭ അംഗീകരിച്ചത് ചെറിയ ചുവടുവെപ്പാണ്. ഇത് അവകാശ ലാഭമാണ്. ഇടനിലക്കാർ കൃഷിക്കാരനെ ചൂഷണം ചെയ്യുന്ന ഈ പണം മാറ്റിവെച്ചാൽ മാത്രം മതി കർഷകന് എല്ലാ ആനുകൂല്യങ്ങളും നൽകാൻ. 30 കോടി ജനത്തെ തീറ്റിപ്പോറ്റുന്ന കൃഷിക്കാരാണ് യഥാർഥ രാജ്യസേവകർ. രാജ്യത്തിലെ കർഷകർക്ക് മിനിമം വേതനം ഉറപ്പാക്കണം.

കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നത്തിന്റെ വില നിശ്ചയിക്കാനുള്ള അധികാരം നമുക്ക് ലഭിക്കാനും കൃഷിക്കാരെ ചൂഷണത്തിൽനിന്ന് രക്ഷിക്കാനുമായി അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്മിറ്റി (എ.പി.എം.സി) നിയമം സംസ്ഥാനത്ത് എത്രയും വേഗം കൊണ്ടുവരണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ഇതിന് രാഷ്ട്രീയഭേദമെന്യേ എല്ലാവരും പ്രയത്നിക്കണം. അല്ലെങ്കിൽ, ബഹുരാഷ്ട്ര കമ്പനികൾക്കു മുന്നിൽ നമ്മുടെ കൃഷിക്കാരന് പിടിച്ചുനിൽക്കാൻ കഴിയില്ല. ബഹുരാഷ്ട്ര കമ്പനികൾ ആഫ്രിക്കയിലും ഇന്തോനേഷ്യയിലും മറ്റും സ്ഥലം വാങ്ങി വൻതോതിൽ കൃഷി ചെയ്ത് ഉൽപ്പന്നങ്ങൾ ഇങ്ങോട്ട് കൊണ്ടുവരികയാണ്.

കുരുമുളക്, റബർ തുടങ്ങിയവയുടെ വിലക്കുറവിന് കാരണം കേന്ദ്രസർക്കാറിന്റെ ഇറക്കുമതി നയങ്ങളാണെന്നും മന്ത്രി പറഞ്ഞു. ആർ.സി.ഇ.പി കരാറിൽനിന്ന് പിൻമാറിയെങ്കിലും മറ്റ് പല രാജ്യങ്ങളുമായുള്ള വ്യാപാര കരാറുകൾ മൂലമാണ് റബറിന്റെയും കുരുമുളകിന്റെയും വില കുറയുന്നതെന്നും മന്ത്രി പറഞ്ഞു.

രാജ്യത്തെ കാർഷിക മേഖല പ്രതിസന്ധിയിലാണെന്ന് ശിൽപശാല ഉദ്ഘാടനം ചെയ്ത പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. പ്രതിദിനം ഓരോ അര മണിക്കൂറിലും ഓരോ കർഷകൻ ആത്മഹത്യ ചെയ്യുകയാണ്. പരമ്പരാഗത കൃഷി രീതി നിലനിർത്തി നവീന സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം. നവീന സാങ്കേതികവിദ്യ ഉപയോഗിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയാൽ ആദായം വർധിപ്പിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശ്, കാർഷിക ഉൽപാദന കമീഷണർ ദേവേന്ദ്രകുമാർ സിംഗ്, ഐ.ടി സെക്രട്ടറി എം. ശിവശങ്കർ, കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ ഡോ. സജി ഗോപിനാഥ്, ഹൈദരാബാദ് മാനേജ് ഡയറക്ടർ ഡോ. ശരവൺ രാജ്, സ്പൈസ് ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ, നബാർഡ് ഡി.ഡി.എം ദീപ പിള്ള,

ശിവദാസ് ബി. മേനോൻ, നാഗരാജാ പ്രകാശം, ഡോ. കെ.പി സുധീർ എന്നിവർ സംബന്ധിച്ചു. കൃഷി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ ഖേൽക്കർ സ്വാഗതവും എൽ.ആർ. ആരതി നന്ദിയും പറഞ്ഞു.

## മുൻപേ പായും സംരഭകർക്കായി അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ

മുൻപേ പായും സംരംഭകർക്കായി അഗ്രി ബിസിനസ് ഇൻക്യൂബേറ്ററുമായി കേരള കാർഷിക സർവകലാശാല. കാർഷിക മേഖലയിലെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുകയും നവ സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയും പുത്തൻ ആശയങ്ങളെ കണ്ടെത്തി വളർത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. സാങ്കേതിക വിദ്യാ വികസനം, പരിശീലനം, വികസിപ്പിച്ച സാങ്കേതിക വിദ്യകളുടെ കൈമാറ്റം, വ്യവസായവത്ക്കരണം, സംരംഭകത്വ വികസനം എന്നിവയാണ് ഇൻക്യൂബേറ്റർ ലക്ഷ്യം വെക്കുന്നത്. കാർഷിക സംരംഭകത്വ മേഖലയിലെ സ്ത്രീമുന്നേറ്റം മുൻ നിർത്തി സ്ത്രീ സൗഹൃദ യന്ത്രങ്ങളുടെ വികസനം, പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനം എന്നിവയും ഇൻക്യൂബേറ്റർ ലക്ഷ്യമിടുന്നു.

കാർഷിക സർവകലാശാലയുടെയും അഗ്രി ബിസിനസ് ഇൻക്യൂബേറ്ററിന്റെ സഹായത്തോടെ നിർമ്മിച്ച ചക്ക ചുളകൾ അരിഞ്ഞെടുക്കുന്ന യന്ത്രം ശ്രദ്ധേയമാകുകയാണ്. ചക്ക ചുളകൾ അരിയുന്നതിനുള്ള ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനാണ് ഈ യന്ത്രം. ഇത് ഉപയോഗിച്ച് ഉയർന്ന ക്ഷമതയിലും, ബുദ്ധിമുട്ടില്ലാതെയും തികച്ചും അപകടരഹിതമായും ചക്ക ചുളകൾ അരിഞ്ഞെടുക്കാം. ഒരാളുടെ സഹായത്താൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന യന്ത്രം ഉപയോഗിച്ച് മണിക്കൂറിൽ 50 കിലോ ഗ്രാം ചക്ക ചുളകൾ അരിഞ്ഞെടുക്കാം. ഏകദേശം 60,000 രൂപ വില വരുന്ന യന്ത്രം ഉപയോഗിച്ച് പച്ചക്കറികളും നീളത്തിൽ അരിഞ്ഞെടുക്കാം. ഫ്രൂട്ട് സലാഡുകൾക്ക് അനുയോജ്യമായ സ്ലയ്ഡർ കം ഡയ്സറും രൂപകല്പന ചെയ്തിട്ടുണ്ട്. ചക്ക ചുളകളുടെ പുഴുങ്ങലും, ഉണക്കലും ലളിതമായി ചെയ്യാവുന്ന ബ്ലാഞ്ചർ കം ഡ്രയറും അഗ്രി ബിസിനസ് ഇൻക്യൂബേറ്ററിൽ വികസിപ്പിച്ചിട്ടുണ്ട്. 20-30 കിലോ ഉൽപ്പന്നങ്ങൾ ഇങ്ങനെ ഉണക്കി എടുക്കാം. തനതായ നിറവും രുചിയും നില നിർത്തി ഫ്രൈഡ് ചിപ്സുകൾ ഉണ്ടാക്കാവുന്ന വാക്വം ഫ്രൈയിങ് യന്ത്രവും ഇൻക്യൂബേറ്ററിന്റെ കണ്ടുപിടുത്തമാണ്. ദീർഘ കാലം സംഭരിച്ചുവെക്കാൻ സാധിക്കുന്ന ഉൽപ്പന്നങ്ങളുടെ നിർമാണത്തിനായി റിടോർട് പൗച് സാങ്കേതിക വിദ്യയും റിടോർട്ട് മെഷീനും ലഭ്യമാണ്. കയറ്റുമതി സാധ്യതകൾ ഏറെയുള്ള ചക്ക വരട്ടി, ഇടിയൻ ചക്ക എന്നിവ സംഭരിച്ചുവെക്കുന്നതിനായും ഈ യന്ത്രം ഉപയോഗിക്കാം.

## പാഴ്‌വസ്തുക്കൾ പുനരുപയോഗിക്കാം; പരിസ്ഥിതിക്ക് ദോഷമില്ലാതെ

സീറോ വേസ്റ്റ് ഗാർഡൻ എന്ന നൂതന ആശയവുമായി വണ്ടിപെരിയാറിൽ നിന്നും സ്റ്റേജ് വെജിറ്റബിൾ ഫാം. പാഴ്‌വസ്തുക്കളുടെ പുനരുപയോഗം പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിൽ എങ്ങനെ സാധ്യമാക്കാം എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് സീറോ വേസ്റ്റ് ഗാർഡൻ. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ, ബക്കറ്റുകൾ, ഓയിൽ ക്യാനുകൾ, കന്നാസുകൾ, വാഹനങ്ങളുടെ ടയറുകൾ എന്നിവ ആവശ്യമായ രൂപ മാറ്റങ്ങൾ വരുത്തിയതിനോടൊപ്പം ആകർഷക നിറങ്ങൾ ഉപയോഗിച്ച് മനോഹരമാക്കിയും പൂന്തോട്ട അലങ്കാരത്തിന് ഉതകുന്ന രീതിയിൽ മാറ്റിയെടുക്കുന്നു. ഇവയിൽ പോട്ടിങ് മിശ്രിതം നിറച്ച് അതിൽ വിവിധ ഇനം അലങ്കാര സസ്യങ്ങൾ നടുന്നു. ട്രാക്ടർ പോലുള്ള വലിയ വാഹനങ്ങളുടെ ടയറുകൾ രൂപമാറ്റം വരുത്തി അക്വേറിയങ്ങളാക്കി മാറ്റുന്നു. ഉപയോഗ ശൂന്യമായ റെഫ്രിജറേറ്ററുകളിൽ അക്വാപോണിക്സ് ചെയ്യുന്നു. ചെടി ചട്ടികളുടെ സ്ഥാനത്ത് മേൽപറഞ്ഞ തരത്തിലുള്ള പ്ലാസ്റ്റിക് ബോട്ടിലുകളും, ബക്കറ്റുകളും, ടയറുകളും, പ്ലാസ്റ്റിക് പൈപ്പുകളും, ഷൂസുകളും ഒക്കെ ഉപയോഗിക്കുന്നു. ഉപയോഗ ശേഷം വീട്ടു വളപ്പിലേക്കോ റോഡിലേക്കോ പൊതു സ്ഥലങ്ങളിലേക്കോ വലിച്ചെറിയുന്ന ഇത്തരം പാഴ് വസ്തുക്കൾ ചെറിയ രീതിയിലുള്ള രൂപ മാറ്റത്തിലൂടെ എങ്ങനെ ഉദ്യാന അലങ്കാരത്തിന്റെ ഭാഗമാക്കാം എന്ന് സീറോ വേസ്റ്റ് ഗാർഡൻ ബോധ്യപ്പെടുത്തുന്നു.

# 60 ഇനം നെൽവിത്തുകളുമായി ഇടുക്കിയിൽ നിന്നൊരു തൃശൂർക്കാരൻ

നെൽകൃഷിയിലെ നാട്ടറിവുകൾ പുതുതലമുറ പകർന്ന് നൽകി ഇടുക്കിയിൽ നിന്നൊരു യുവകർഷകൻ. തൃശൂർ നാട്ടിക സ്വദേശിയും തൊടുപുഴ കൃഷി ഓഫീസ് ഉദ്യോഗസ്ഥനുമായ ഇ പി എസ് സുരേഷാണ് അപൂർവ്വമായ വിത്തുശേഖരവും നാടൻ കൃഷിയറിവുകളും പുതുതലമുറയ്ക്കായി വൈഗയിൽ പങ്കുവയ്ക്കുന്നത്. ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസിന്റെ സ്റ്റാളിലാണ് സുരേഷിന്റെ 60 ഇനം നാടൻ നെൽവിത്ത് ഇനങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നത്. ഒരു വർഷം മുമ്പാണ് സ്റ്റാറ്റിസ്റ്റിക്സ് ഉദ്യോഗസ്ഥനായ സുരേഷ് കൃഷിയോടുള്ള താൽപ്പര്യം മൂലം ഇടുക്കി തൊടുപുഴ കൃഷി ഓഫീസിലെത്തുന്നത്. അന്യം നിന്ന് പോകുന്ന പരമ്പരാഗത ഇനങ്ങളെ സംരക്ഷിക്കാൻ സുരേഷും ഒന്ന് രണ്ട് സുഹൃത്തുക്കളും ചേർന്നെടുത്ത തീരുമാനമാണ് നാടൻ നെൽ വിത്തുകളുടെ സമ്പാദനം. മാപ്പിള ചെമ്പൻ, ഇട്ടിക്കണ്ടപ്പൻ, ഉണ്ട ചെമ്പാൻ, കാത്തമ്പാലരി കൈമാ, ഉരുണി കൈമാ, ഓക്കൻ പുഞ്ച, ചെന്നൊൽ തൊണ്ടി, കനലി, സ്വർണ്ണ ഞവര, കൃഷ്ണ കാമോദീ, വെള്ള പെരുവാഴ, കരിമല ചെന്താടി, കുറുമാടി, തെക്കൻ ചീര, പാൽതോണി, ആൻഡ്മാൻ ബസൂരി എന്നിങ്ങനെ അപൂർവ്വമായ 32 ഇനം നെല്ലിനങ്ങളാണ് വിവിധ ജില്ലകളിലായി പടർന്നു കിടക്കുന്ന സുരേഷിന്റെ പാടശേഖരങ്ങളിൽ നൂറുമേനി വിളവൊരുക്കി നിൽക്കുന്നത്. ജീരകശാലയും ഗന്ധകശാലയുമൊക്കെ സുരേഷിന്റെ പാടത്ത് വിളയുന്നു. രാജഭരണകാലത്ത് രാജകുടുംബാംഗങ്ങൾ സൗന്ദര്യം നിലനിർത്താൻ കഴിച്ചിരുന്ന നെല്ലിനങ്ങളായ രക്തശാലിയും കുങ്കുമശാലിയുമൊക്കെ സുരേഷിന്റെപാടത്തെത്തുമ്പോൾ സാധാരണക്കാരന്റെ ഭക്ഷണമാകുന്നു. തികച്ചും ഓർഗാനിക് രീതിയിലാണ് കൃഷി ചെയ്യുന്നത്. ജീവാമൃതമാണ് വളമായി ഉപയോഗിക്കുന്നത്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലാണ് സുരേഷിന്റെ കൃഷി. പൊക്കാളി പാടങ്ങളിൽ അല്ലാതെ പൊക്കാളി കൃഷി ചെയ്യുന്നു എന്ന പ്രത്യേകതയും സുരേഷിനുണ്ട്. കേരളത്തിലെ ആദിവാസി ഗ്രാമങ്ങളിൽ മാത്രം കണ്ടുവരുന്ന കാട്ടുനെൽചെടിയും ഇടുക്കിയുടെ തനത് നെല്ലിനങ്ങളായ പാൽ തോണി, കുഞ്ഞ് കുഞ്ഞ്, കരിനെല്ല് തുടങ്ങിയവയും പ്രദർശിപ്പിച്ചിട്ടുണ്ട്. വിവിധ ഇനം നെല്ല് ഉൽപ്പന്നങ്ങളും ഉപകരണങ്ങളും ഇവിടെയുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ്: 60 ഇനം നെൽവിത്തുകളുമായി തൊടുപുഴ കൃഷി ഓഫീസ് ഉദ്യോഗസ്ഥനുമായ ഇ പി എസ് സുരേഷ്.***

### റോഡ് സുരക്ഷാവാരം ജനു. 11 മുതൽ 17 വരെ

# റോഡ് സുരക്ഷ ഉറപ്പാക്കാൻ ജില്ലയിൽ കർമ്മപദ്ധതി

റോഡപകടങ്ങൾ തടയാനും സുരക്ഷ ഉറപ്പുവരുത്താനുമായി സമഗ്രമായ കർമ്മപദ്ധതി ജില്ലയിൽ നടപ്പാക്കും. ജനുവരി 11 മുതൽ 17 വരെ ആചരിക്കുന്ന റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഇതിനായുള്ള നടപടികൾക്ക് രൂപം നൽകാൻ ടി എൻ പ്രതാപൻ എംപിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ സമിതി യോഗം തീരുമാനിച്ചു.

2019 ൽ ജില്ലയിലെ റോഡപകടനിരക്ക് 11.6 ശതമാനം കുറഞ്ഞതായാണ് മോട്ടോർ വാഹന വകുപ്പിന്റെ കണക്ക്. സംസ്ഥാനത്ത് ശരാശരി 4000 പേരാണ് പ്രതിവർഷം റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നത്. ജില്ലയിൽ 68 അപകട സാധ്യതാ മേഖലകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ റോഡ് സുരക്ഷ ഉറപ്പാക്കാൻ പ്രത്യേകം നടപടികൾ സ്വീകരിക്കും. പാർക്കിങ് നിരോധിത മേഖലകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് കർശനമായി ഒഴിവാക്കും. റോഡുകളിലെ സുരക്ഷാ മുന്നറിയിപ്പ് അടയാളങ്ങൾ മാഞ്ഞു പോയ സ്ഥലങ്ങളിൽ അവ പുന:സ്ഥാപിക്കും. സ്വകാര്യ ബസുകളിലേയും ടാക്സികളിലേയും ഡ്രൈവർമാർ നേരിടുന്ന മാനസിക സമ്മർദ്ദം കുറക്കാൻ ക്ലാസ്സുകൾ സംഘടിപ്പിക്കും. ഇത്തരം പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് തിരിച്ചറിയൽ രേഖ വിതരണം ചെയ്യും. പ്രായം കൂടിയ ഡ്രൈവർമാരുടെ കാഴ്ച പരിശോധനയ്ക്കായി സംവിധാനമൊരുക്കും. റോഡിലേക്ക് കയറ്റി സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക്ക്-ടെലിഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന് വൈദ്യുതി ബോർഡിനോടും ബിഎസ്എൻഎല്ലിനോടും ആവശ്യപ്പെടും. ഗതാഗത തടസ്സമുണ്ടാകുന്ന വഴിയോര കച്ചവടക്കാരെ നിയമപരമായി നിയന്ത്രിക്കാനും നടപടിയുണ്ടാവും.

റോഡ് സുരക്ഷാ വാരത്തിന് തുടക്കം കുറിക്കുന്ന ജനുവരി 11 ന് വനിതകളുടെ ഇരുചക്രവാഹന റാലി സംഘടിപ്പിക്കും. വാരാചരണത്തിന്റെ ഭാഗമായി നിരവധി അനുബന്ധ പരിപാടികൾക്കും യോഗം രൂപം നൽകി. ജില്ലാ കളക്ടർ എസ് ഷാനവാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, ജില്ലാതല ഉദ്യോഗസ്ഥർ, ബസുടമാ സംഘം ഭാരവാഹികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ടി എൻ പ്രതാപൻ എംപിയുടെ അദ്ധ്യക്ഷതയിൽ കളക്ടേറ്റിൽ ചേർന്ന റോഡ് സുരക്ഷാ സമിതി യോഗം***

## തുണി സഞ്ചി ലഭ്യമാണ്

പ്ലാസ്റ്റിക് കവറുകൾക്കും ബാഗുകൾക്കും പകരമായി തുണി സഞ്ചികൾ തത്സമയവും തയ്ച്ചു കൊടുക്കുന്ന കോസ്റ്റ് ഫോർഡ് സ്ത്രീ ശക്തി കേന്ദ്രത്തിന്റെ സ്റ്റാൾ വൈഗ പ്രദർശന നഗരിയിൽ ഒരുക്കിയിരിക്കുന്നു. തത്സമയ തുണി ബാഗ് നിർമാണ യൂണിറ്റ് എന്ന പേരിലുള്ള ഈ സ്റ്റാളിൽ തുണി സഞ്ചികൾ മൊത്തമായും ചില്ലറയായും മിതമായ വിലയിൽ ലഭിക്കും. ഓർഡറുകളും സ്വീകരിക്കും. 10, 20 രൂപ നിരക്കിൽ ബാഗുകൾ ലഭ്യമാണ്. വിലാസം: രാധ, സ്ത്രീ ശക്തി കേന്ദ്രം, കോസ്റ്റഫോർഡ്, അയ്യന്തോൾ, തൃശൂർ 3. ഫോൺ: 9745473540.

## ടൂർ പാക്കേജ്
## ഫ്ളാഗ് ഓഫ് ഇന്ന് (ജനു. 7)

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന മൈസൂർ-കൂർഗ് ടൂർ പാക്കേജിനായി ഡിടിപിസിക്ക് അനുവദിച്ച ബസിന്റെ ഫ്ളാഗ് ഓഫ് ഇന്ന് (ജനുവരി ഏഴ്) രാവിലെ 8.30 ന് നടത്തുമെന്ന് സെക്രട്ടറി അറിയിച്ചു.

## ക്വട്ടേഷൻ

തൃശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ സേവനപ്രവർത്തനങ്ങൾക്കായി ടൂറിസ്റ്റ്/ടാക്സി പെർമിറ്റുള്ള ഒരു കാർ മാസ വാടക വ്യവസ്ഥയിൽ ലഭ്യമാക്കാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 13. ഫോൺ: 0487-2363770.

## ലേലം

തൃശൂർ എക്സൈസ് ഡിവിഷനിൽ വിവിധ അബ്കാരി കേസുകളിൽ ഉൾപ്പെട്ട് സർക്കാരിലേക്ക് കണ്ടുകെട്ടിയതും എക്സൈസ് ഓഫീസുകളിലും പോലീസ് സ്റ്റേഷനകളിലുമായി സൂക്ഷിച്ചു വരുന്നതുമായ പാസഞ്ചർ ഓട്ടോറിക്ഷ-6, മോട്ടോർ സൈക്കിൾ-5, ടാറ്റ മാജിക് ഐറിസ്-1, കാർ-1 എന്നിങ്ങനെ 13 വാഹങ്ങൾ ജനുവരി 16 രാവിലെ 11 ന് തൃശൂർ എക്സൈസ് ഡിവിഷൻ ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 0487-2361237.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

എറിയാട് ഗവ. ഐടിഐയിൽ എംപ്ലോയബിലിറ്റി സ്കിൽസ് വിഭാഗത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. യോഗ്യത: രണ്ട് വർഷത്തെ പ്രവൃത്തിപരിചയത്തോടുകൂടിയ എംബിഎ / ബിബിഎ അല്ലെങ്കിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയത്തോടുകൂടിയ സോഷ്യോളോജി / സോഷ്യൽ വെൽഫെയർ / ഇക്കണോമിക്സ് എന്നിവയിൽ എതെങ്കിലും ഒന്നിൽ ബിരുദം അല്ലെങ്കിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയത്തോടുകൂടിയ എംപ്ലോയബിലിറ്റി സ്കിൽസ് നേടിയ പരിശീലനം. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജനുവരി 10 രാവിലെ 11 ന് അഭിമുഖത്തിന് എത്തണം. ഫോൺ 0480 2804320.

## റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ ജയിൽ വകുപ്പിൽ വാർഡർ ഡ്രൈവർ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 298/13) 2016 സെപ്റ്റംബർ ഒന്നിന് നിലവിൽ വന്ന റാങ്ക്പട്ടിക 2019 സെപ്റ്റംബർ ഒന്നിന് റദ്ദായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

# വാഹനലേലം

ക്ഷീരവികസന വകുപ്പ് തൃശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ 2004 മോഡൽ അംബാസിഡർ കാർ കെ.എൽ-01-എജി-1334 നിലവിലെ അവസ്ഥയിൽ ലേലം ചെയ്യുന്നു. ജനുവരി പത്ത് രാവിലെ 12 ന് ക്ഷീരവികസന വകുപ്പ് ഓഫീസിലാണ് പൊതുലേലം. താല്പര്യമുള്ളവർ 1800 രൂപ ഓഫീസിൽ അടച്ച രസീതുമായി അന്ന് ഹാജരാകണം. ഫോൺ: 0487-2321660.

# മെഡിക്കൽ ഓഫീസർ ഒഴിവ്

ഭാരതീയ ചികിത്സാ വകുപ്പ് മെഡിക്കൽ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. എംഡി (മാനസികം) ആണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജനുവരി 10 രാവിലെ പത്തിന് തൃശൂർ വെസ്റ്റ് പാലസ് റോഡിലെ ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2334313.

# അഭിമുഖം മാറ്റി വച്ചു

ജനുവരി എട്ടിന് രാമവർമ്മപുരം ഗവ. വൃദ്ധ സദനത്തിൽ നടത്താനിരുന്ന അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള അഭിമുഖം ജനുവരി ഒൻപത് രാവിലെ 11 മണിക്ക് മാറ്റിയതായി സൂപ്രണ്ട് അറിയിച്ചു. ഫോൺ: 0487 2693734.

# പ്രാദേശിക അവധി 15 ന്

കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി മഹോത്സവത്തോടനുബന്ധിച്ച് ജനുവരി 15 ന് പൊയ്യ ഗ്രാമപഞ്ചായത്ത് ഒഴികെ കൊടുങ്ങല്ലൂർ താലൂക്ക് പരിധിയിൽ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പൊതുപരീക്ഷകൾക്കും കേന്ദ്ര-സംസ്ഥാന, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനത്തിനായി നടത്തുന്ന പരീക്ഷകൾക്കും അവധി ബാധകമല്ല.

# തുടരും